
# തിരുവനന്തപുരം വിദ്യാഭ്യാസജില്ല

## സ്റ്റാൻഡേർഡ് X

WS2BY10 2(M)

## ബയോളജി യൂണിറ്റ് – 2

**1. ചിത്രം പകർത്തി വരച്ച് ഭാഗങ്ങൾ തിരിച്ചറിയുക.**




b) **നൽകിയിരിക്കുന്ന ഉദാഹരണം വിശകലനം ചെയ്ത് മറ്റുഭാഗങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.**

| ഭാഗങ്ങൾ | പ്രത്യേകതകൾ | ധർമ്മം |
|---|---|---|
| A.കോർണിയ | ദൃഢപടലത്തിന്റെ മുൻഭാഗത്തുള്ള സുതാര്യവും മുന്നോട്ട് തള്ളിയതും ആയ ഭാഗം. | പ്രകാശരശ്മികളെ കണ്ണിലേക്ക് പ്രവേശിപ്പിക്കുന്നു |
| | | |
| | | |
| | | |
| | | |

TVPM DIST

**2. ചുവടെനൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ ജോഡി തിരഞ്ഞെടുക്കുക. മറ്റുള്ളവയെ അനുയോജ്യമായി ജോഡി ചേർക്കുക**

a.നേത്രകോടരം - തലയോട്ടിയിലെ കുഴികൾ

b.കണ്ണുനീർ - ഉൽപാദിപ്പിക്കുന്ന ശ്ലേഷ്മം നേത്രഗോളത്തിന്റെ മുൻഭാഗം വരണ്ടു പോകാതെ സംരക്ഷിക്കുന്നു.

c.കൺജങ്റ്റൈവ - കണ്ണിലേക്ക് പൊടിപടലങ്ങൾ, ജലം എന്നിവ കടക്കാതെ തടയുന്നു.

d.ബാഹ്യ നേത്രപേശികൾ - കണ്ണുകളെ നേത്രകോടരത്തിൽ ഉറപ്പിച്ചു നിർത്തുന്നു.

e.കൺപീലികൾ - നേത്രഗോളത്തിന്റെ മുൻഭാഗത്തെ വൃത്തിയുള്ളതും നവുള്ളതും ആക്കി തീർക്കുന്നു.

3.

AUG 25 - SEP 8
**നേത്രദാന പക്ഷാചരണം**

a) നേത്രദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് അനുയോജ്യമായ ഒരു പോസ്റ്റർ തയ്യാറാക്കുക.

b)കണ്ണിന്റെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ഏതെല്ലാം കാര്യങ്ങളിൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്?

**4. സുനീഷും അനീഷും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക.**





നമ്മുടെ കണ്ണുകൾക്ക് സീലിയറി പേശികളുടെയും സ്നായുക്കളുടെയും പ്രവർത്തനഫലമായി അടുത്തും അകലെയുള്ള വസ്തുക്കളെ കാണാൻ സാധിക്കും.

**വസ്തുവിൽനിന്നുള്ള അകലത്തിനനുസരിച്ച് കണ്ണിലെ ക്രമീകരണം കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.**

| സൂചകങ്ങൾ | അടുത്തുള്ള വസ്തുക്കളെ നോക്കുമ്പോൾ | അകലെയുള്ള വസ്തുക്കളെ നോക്കുമ്പോൾ |
|---|---|---|
| സീലിയറി പേശികൾ | സങ്കോചിക്കുന്നു | A |
| സ്നായുക്കൾ | B | വലിയുന്നു |
| ലെൻസിന്റെ വക്രത | C | D |
| ഫോക്കൽ ദൂരം | E | F |

TVPM - DL DIST



**5. കാഴ്ചയെന്ന അനുഭവമായി ബന്ധപ്പെട്ട ഭാഗങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ഉചിതമായ രീതിയിൽ ക്രമപ്പെടുത്തി പൂർത്തീകരിക്കുക.**




**റെറ്റിന, പ്യൂപ്പിൾ, പ്രകാശഗ്രാഹി, കോർണിയ, ലെൻസ്, സെറിബ്രം, നേത്രനാഡി**

**6. തീവ്ര പ്രകാശത്തിലും മങ്ങിയ പ്രകാശത്തിലും ഉള്ള കണ്ണിലെ പ്യൂപ്പിളിന്റെ രണ്ടു അവസ്ഥകൾ ചുവടെ കൊടുത്തിരിക്കുന്നു. സൂചകങ്ങൾ ഉപയോഗിച്ച് പട്ടിക പൂർത്തീകരിക്കുക.**


റേഡിയൽ പേശികൾ സങ്കോചിക്കുന്നു, പ്യൂപ്പിളിന്റെ വലിപ്പം കുറയുന്നു, റേഡിയൽ പേശികൾ വിശ്രമാവസ്ഥയിൽ ആകുന്നു, വലയ പേശികൾ സങ്കോചിക്കുന്നു, വലയ പേശികൾ വിശ്രമാവസ്ഥയിൽ ആകുന്നു.

| മങ്ങിയ പ്രകാശത്തിൽ  | **സൂചകങ്ങൾ** | തീവ്രപ്രകാശത്തിൽ  |
|---|---|---|
| A | **റേഡിയൽ പേശികൾ** | B |
| C | **വലയപേശികൾ** | D |
| E | **പ്യൂപ്പിളിന്റെ വലിപ്പം** | F |

**7. റെറ്റിനയിൽ ഉള്ള പ്രകാശ ഗ്രാഹികൾ പ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഉദ്ദീപിക്കപ്പെടുകയും ആവേഗങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നു.**

a) A, B എന്നീ പ്രകാശഗ്രാഹികളെ തിരിച്ചറിഞ്ഞു ചിത്രീകരണം പൂർത്തിയാക്കുക.

ഫോട്ടോപ്സിൻ, റോഡോപ്സിൻ, റോഡ് ആകൃതി, മങ്ങിയ വെളിച്ചത്തിൽ കാണാൻ സഹായിക്കുന്നു, വർണ്ണകാഴ്ച സാധ്യമാക്കുന്നു , കോൺ ആകൃതി




**b) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ കാഴ്ചാവർണക്ങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. ചിത്രീകരണം പൂർത്തിയാക്കി ചോദ്യത്തിന് ഉത്തരം എഴുതുക.**

പ്രകാശം

റോഡോപ്സിൻ ⇌ .....A...... + ......B....

പ്രകാശം

......C....... ⇌ റെറ്റിനാൽ + ഓപ്സിൻ

**c) പ്രകാശത്തിന്റെ സാന്നിധ്യത്തിൽ പ്രകാശ ഗ്രാഹികളിൽ ആവേഗങ്ങൾ രൂപപ്പെടുന്നതെങ്ങനെ?**

**8. രണ്ടു കുട്ടികൾ തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക.**




TVPM EDL DIST

a) രാജു സൂചിപ്പിച്ച രോഗത്തിന്റെ പേരും അതിന്റെ കാരണവും എഴുതുക


b) സൈന്യത്തിലും, ഡ്രൈവർ, പൈലറ്റ് മുതലായ ജോലികൾക്കും ഈ നേത്രവൈകല്യം ഉള്ള ആളുകളെ തിരഞ്ഞെടുക്കില്ല. ഏതാണ് ഈ വൈകല്യം? ഇതിന്റെ കാരണം എന്താണ്?

**9. വിവിധ നേത്രവൈല്യങ്ങളും അവയുടെ കാരണവും പരിഹാരവും ചുവടെ നൽകിയിരിക്കുന്നു. കോളം A യ്ക്ക് അനുസൃതമായി B യും C യും ക്രമീകരിക്കുക.**

| A നേത്രവൈകല്യം | B കാരണം | C പരിഹാരം |
|---|---|---|
| 1.സിറോഫ്താൽമിയ | വിറ്റാമിൻ A യുടെ അഭാവം | ലേസർ ശസ്ത്രക്രിയ |
| 2. ഗ്ലോക്കോമ | കണ്ണിലെ ലെൻസ് അതാര്യമാകുക | വിറ്റാമിൻ A ധാരാളം അടങ്ങിയ ഭക്ഷണം കഴിക്കുക |
| 3.തിമിരം | വിറ്റാമിൻ A യുടെ തുടർച്ചയായ അഭാവം | വിറ്റാമിൻ A ധാരാളം അടങ്ങിയ ഭക്ഷണം കഴിക്കുക |
| 4.നിശാന്ധത | അക്വസ് ദ്രവത്തിന്റെ പുനരാഗിരണം നടക്കാതെ വരിക | ലെൻസ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ |

TVPM EDL DIST.


**10. ചുവടെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് ഭാഗങ്ങൾ തിരിച്ചറിഞ്ഞ് എഴുതുക.**




**a) കോളം A യ്ക്ക് അനുസൃതമായി B പുനഃക്രമീകരിക്കുക.**

| A | B |
| --- | --- |
| കർണ്ണപടം | ശബ്ദതരംഗങ്ങളെ കർണനാളത്തിലേക്കു നയിക്കുന്നു |
| യൂസ്റ്റേഷ്യൻ നാളി | ശബ്ദതരംഗങ്ങൾക്കനുസരിച്ച് കമ്പനം ചെയ്യുന്ന സ്തരം |
| ശ്രവണ നാഡി | കർണപാടത്തിന്റെ ഇരു വശത്തേയും മർദ്ദം തുല്യമാക്കി ക്രമീകരിക്കുന്നു |
| കോക്ലിയ | ആവേഗങ്ങളെ സെറിബ്രത്തിൽ എത്തിക്കുന്നു |
| ചെവിക്കുട | ശ്രവണത്തിനു സഹായിക്കുന്നു |


**11. a) ചിത്രം വിശകലനം ചെയ്ത് A, B, C എന്നീ ഭാഗങ്ങൾ തിരിച്ചറിയുക.**




**b) ശരീര തുലനനിലയുമായി ബന്ധപ്പെട്ട ഫ്ലോ ചാർട്ട് പൂർത്തിയാക്കുക.**




**12. ത്വക്കിലെ ഗ്രാഹികളുമായി ബന്ധപ്പെട്ട ചിത്രീകരണം പൂർത്തിയാക്കുക.**




**13.ചിത്രം തിരിച്ചറിഞ്ഞു ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം എഴുതുക.**




a) ചിത്രത്തിൽ A എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗത്തിന്റെ പേരെന്ത്?

b) A എവിടെയാണ് കാണപ്പെടുന്നത്?

c) A യുടെ ധർമം എന്ത്?

TVPM EDIDIST


**14.** നീരജിന്റെ സയൻസ് ഡയറിയിൽ നിന്നുള്ള ഗന്ധം എന്ന അനുഭവവുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് ആണിത്.

* ആവേഗങ്ങൾ ഗന്ധനാഡി വഴി സെറിബ്രത്തിൽ എത്തുന്നു.
* വായുവിൽ കലർന്ന ഗന്ധകണികകൾ മൂക്കിലേക്ക് പ്രവേശിക്കുന്നു.
* ആവേഗങ്ങൾ ഉണ്ടാകുന്നു.
* ഗന്ധം എന്ന അനുഭവം.

**ഇത് അപൂർണ്ണവും ചില തെറ്റുകൾ ഉള്ളതുമാണ്. ആവശ്യമായ തിരുത്തലുകൾ വരുത്തി ഫ്ലോ ചാർട്ട് പുനഃക്രമീകരിക്കുക**

**15. ജീവികൾക്ക് ചുറ്റുപാടിലുള്ള മാറ്റങ്ങൾ തിരിച്ചറിയാൻ കഴിയുന്നത് ജ്ഞാനേന്ദ്രിയങ്ങളിലെ ഗ്രാഹികളുടെ സഹായത്താലാണ്.**

a) ജീവികളും അവയുടെ ഗ്രാഹികളുമായി ബന്ധപ്പെട്ട ചിത്രീകരണം പൂർത്തിയാക്കുക.




TVM MEDL DIST